# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **1359** — 30/01/2018-ൽ മറുപടിയ്ക്ക്

## വൈപ്പിൻ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിലെ നിയമനങ്ങൾ

**ചോദ്യം** — **മറുപടി**

ശ്രീ.എസ്.ശർമ്മ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതുതായി ആരംഭിച്ച വൈപ്പിൻ ഗവണ്മെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ആവശ്യമായ അദ്ധ്യാപകർ, അനദ്ധ്യാപകർ, പ്രിൻസിപ്പൽ എന്നിവരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | വൈപ്പിൻ ഗവണ്മെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ 1- സീനിയർ സൂപ്രണ്ട്, 1- ഹെഡ് അക്കൌണ്ടന്റ്, 2 - ക്ലാർക്ക്, 1 - ലൈബ്രേറിയൻ ഗ്രേഡ് IV ഉൾപ്പെടെ 5 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കൊമേഴ്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ രണ്ടു അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷം അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിയമനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ